**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **07-02-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശേരി മണ്ഡലത്തിലെ കൈവശാവകാശ വസ്തുവിന് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവശാവകാശ വസ്തുവിന്മേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും, കൈവശവസ്തുവിന്മേൽ പട്ടയം ലഭിക്കുന്നതിനായി,1964 ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 20 അപേക്ഷകളും 1995ലെ ചട്ടങ്ങൾ പ്രകാരം 36 അപേക്ഷകളും, ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകൾക്കായി 20 അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ആയതിൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 9 പട്ടയങ്ങളും, 1995ലെ മുൻസിപ്പൽ ചട്ട പ്രകാരം ഒരു പട്ടയവും, 19 ലാൻഡ് ട്രൈബ്യൂണൽ ക്രയസർട്ടിഫിക്കറ്റുകളും നൽകിയിട്ടുണ്ട്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ ബാക്കിയുള്ളവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ അർഹമെന്ന് കണ്ടെത്തിയ 5 അപേക്ഷകൾ ഭൂമി പതിവു കമ്മിറ്റി മുമ്പാകെ സമർപ്പിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. അവശേഷിക്കുന്ന അപേക്ഷകളിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | വില്ലേജ് | 1964 ലെ ഭൂമി പതിവ് ചട്ടം | | 1995 ലെ ഭൂമി പതിവ് ചട്ടം | | ലാൻഡ് ട്രൈബ്യൂണൽ പട്ടയം | |
|---|---|---|---|---|---|---|---|
| | | അപേക്ഷ | നൽകിയ പട്ടയം | അപേക്ഷ | നൽകിയ പട്ടയം | അപേക്ഷ | നൽകിയ പട്ടയം |
| 1 | ചങ്ങനാശ്ശേരി | 0 | 0 | 34 | 0 | 11 | 11 |
| 2 | വാഴപ്പള്ളി കിഴക്ക് | 0 | 0 | 2 | 1 | 0 | 0 |
| 3 | വാഴപ്പള്ളി പടിഞ്ഞാറ് | 1 | 0 | 0 | 0 | 5 | 5 |
| 4 | കുറിച്ചി | 6 | 6 | 0 | 0 | 1 | 1 |
| 5 | ചെത്തിപ്പുഴ | 4 | 0 | 0 | 0 | 1 | 1 |
| 6 | മാടപ്പള്ളി | 3 | 2 | 0 | 0 | 1 | 1 |
| 7 | തൃക്കൊടിത്താനം | 4 | 1 | 0 | 0 | 0 | 0 |
| 8 | പായിപ്പാട് | 2 | 0 | 0 | 0 | 1 | 0 |
| | **ആകെ** | **20** | **9** | **36** | **1** | **20** | **19** |